തൊഴിലാളി

Reg: No K. 51

Founder: Father Vadakkan

Honorary Chief Editor T. O. Mathew, M. A. : : Managing Editor B. Wellington B. A.

വർഷം 12 | ലക്കം 99 | 1965 ഏപ്രിൽ 12 തിങ്കൾ തൃശ്ശൂർ | വില 4 പൈസ | പേജ് 2

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാർഷികം മുൻകൂർ അടയ്ക്കുന്നതിന്

	പോസ്റ്റ്മാർഗ്ഗം	പോസ്റ്റ്മാർഗ്ഗം
ഒരു കോപ്പിയ്ക്ക്	27-00	6-00
6 മാസത്തേയ്ക്ക്	13-50	3-00
1 മാസത്തേയ്ക്ക്	2-25	1-50
ഏജന്റുമാർക്ക് ഒരു മാസത്തേയ്ക്ക്		
അഞ്ചുപ്രതിയ്ക്ക്		2-10
ഒറ്റപ്രതിയ്ക്ക്	0-07	0-10

മാനേജർ.

ധർമ്മപുരിയിൽ കോൺഗ്രസ്സ് ജയിച്ചു

[പി. ടി. ഐ.] ഡൽഹി ഏപ്രിൽ 11

ധർമ്മപുരി ഉപതെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടകലം കിട്ടിയതു് കോൺഗ്രസ്സ് സ്ഥാനാർത്ഥി വടിവേലു ഗൗണ്ടർക്കാണെന്നു് തമിഴ്നാട്ടു് കോൺഗ്രസ്സ് കമ്മറിക്കു് കിട്ടിയ ഒരു സന്ദേശത്തിൽ പറയുന്നു. തന്റെ പ്രമുഖ എതിരാളിയായിരുന്ന സുബ്രമണ്യ ഗൗണ്ടറേക്കാൾ (ഡി. എം. കെ.) 1100ഉ വോട്ടകലം കൂടുതൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു് കിട്ടിയിട്ടുണ്ടു്.

പിണ്ടി പഠിച്ചു

കച്ചു്യുദ്ധം അവസാനിപ്പിക്കാൻ പാക്കിസ്ഥാൻ നടപടിഎടുക്കുന്നു

സമാധാനസംഭാഷണത്തിനും തയ്യാർ

(പി. ടി. ഐ) കറാച്ചി, ഏ. 11

സിന്ധ്-കച്ചു് മേഖലയിൽ ഉടനടി യുദ്ധം നിർത്തുവാൻ പാക്കിസ്ഥാൻ നിർദ്ദേശിച്ചിരിക്കുന്നു.

ഇതിനാവശ്യമായ എല്ലാ നടപടികളും എടുക്കുവാൻ ഗവണ്മെണ്ടു് ആവശ്യപ്പെട്ടിട്ടുണ്ടെന്നു് ഒരു പാക്കു് വിദേശകാര്യാലയവക്താവു് പ്രസ്താവിച്ചു.

ഇന്ത്യയും, പാക്കിസ്ഥാനും തമ്മിലുള്ള അതിർത്തിതർക്കങ്ങളെ സമാധാനപരമായി പരിഹരിക്കുവാൻ ഉന്നത ഉദ്യോഗിക നിലവാരത്തിൽ ചർച്ചകളും നടത്തുന്നതിനും പാക്കിസ്ഥാൻ വിദേശകാര്യാലയം നിർദ്ദേശിച്ചിട്ടുണ്ടു്.

കച്ചു്യുദ്ധത്തിന്റെ റിപ്പോർട്ടുകളും ഇവിടെ കിട്ടിയതിനുശേഷം ഇന്നലെ രാത്രി ഇന്ത്യൻ ഹൈക്കമ്മീഷണറെ പാക്കു് വിദേശകാര്യാലയത്തിലേക്കു് വിളിപ്പിക്കുകയുണ്ടായി. മുൻ പ്രസ്താവിച്ച നിർദ്ദേശങ്ങളും വിദേശകാര്യാലയം ഇന്ത്യൻ ഹൈക്കമ്മീഷണർക്കു് നല്കി.

കച്ചു് ആക്രമണത്തിൽ അമേ: ആയുധങ്ങളും

പാക്കു്തടവുകാർ വെളിപ്പെടുത്തിയ വിവരങ്ങളും

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 11

കച്ചിലെ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട നാലു് പാക്കു് ഭടന്മാരെ വിമാനമാർഗ്ഗം ഇവിടെ കൊണ്ടുവന്നു.

അവരെ ചോദ്യംചെയ്തപ്പോൾ പാക്കു്സേന ഈ ആക്രമണത്തിനും അമേരിക്കൻ ആയുധങ്ങളും ഉപയോഗിച്ചുവെന്നു് അവർ പറഞ്ഞു.

കറാച്ചിയിലെ മലീർ സൈനികതാവളത്തിൽനിന്നു് മുമ്പായിരത്തോളം വരുന്ന പാക്കു്സേനയെ ഏപ്രിൽ എട്ടിനു് അതിർത്തിയിലേക്കു് നീക്കി. അടുത്ത ദിവസം അതിരാവിലെ സർദാർ പോസ്റ്റിലെ ഇന്ത്യൻ ബാലിസു് സങ്കേതത്തിന്റെ നേരെ അവർ നടത്തിയ ആക്രമണത്തിൽ വൻതോക്കുകളും ഉപയോഗിക്കുകയുണ്ടായി.

പാക്കു് സേനയിൽ മൂന്നു് ബറാലിയൻകളാണു് ഉണ്ടായിരുന്നതു്:— പതിനെട്ടാം പഞ്ചാബു്, എട്ടാം അതിർത്തി സേന, ആറാം ബലൂച്ചു്സേന. പാക്കു് തടവുകാർ മൂന്നു് ലാൻസ് നായിക്കകളും, ഒരു സിപ്പായിയുമാണു്. ഇന്ത്യൻ സങ്കേതങ്ങളെ ആക്രമിക്കുന്നതിനുള്ള കല്പന ഏപ്രിൽ 7-നും 9-നും ഇടയ്ക്കാണെന്നു് തങ്ങൾക്കു് നൽകിയതെന്നു് തടവുകാർ പറഞ്ഞു. അന്നത്തെ ഈ സേനാ വിഭാഗങ്ങൾ കറാച്ചിയിൽനിന്നു് നീങ്ങി. ഏപ്രിൽ എട്ടിനു് അവർ അതിർത്തിയിൽ എത്തി. ഏപ്രിൽ 9-നും 10-നും പുലർച്ചക്കു് അവർ ആക്രമണം ആരംഭിച്ചു.

ഇന്ത്യൻ ഭാഗത്തുനിന്നു് കനത്ത വെടിയാണു് തിരിച്ചുകിട്ടിയതെന്നു് അവർ പറഞ്ഞു. അപായങ്ങൾ സംഭവിച്ച അതോടെ അവർ പിൻവാങ്ങി.

കരിംഗഞ്ചിൽനിന്നു് പാക്കു്സേന പിൻവാങ്ങുന്നു

[പി. ടി. ഐ] ഷില്ലോങ്ങു് ഏ. 11

ആസ്സാം-പൂർവ്വപാക്കിസ്ഥാൻ അതിർത്തിയിലെ കരിംഗഞ്ച് മേഖലയിൽ തികളാഴ്ച മുതൽ ഉടങ്ങിയ വെടിവെപ്പു് നിർത്താമെന്നു് കിഴക്കൻ പാക്കിസ്ഥാൻ ആസ്സാം ഗവണ്മെണ്ടിനെ അറിയിച്ചിരിക്കുന്നു.

ആക്രമണത്തിൽനിന്നു് ഒഴിയാമെന്നും, പർച്ചാസമ്മേളനത്തിനു് ഒരുക്കമാണെന്നും പാക്കിസ്ഥാൻ സമ്മതിച്ചിട്ടുണ്ടെന്നു് ആസ്സാം ഗവണ്മെണ്ടിനു് ഇന്നലെ കിട്ടി.

'അതിർത്തിയിൽ സമാധാനവും, ശാന്തിയും പുലരുന്നതിനും അയൽപക്ക ബന്ധങ്ങളും ഉറപ്പിക്കുന്നതിനുമായി ഗോവിന്ദപ്പുരിലുള്ള കിഴക്കൻ പാക്കു് സേനയോടു് പിൻവാങ്ങുവാൻ ഞാൻ ആജ്ഞാപിച്ചിട്ടുണ്ടു്.' കിഴക്കൻ പാക്കിസ്ഥാൻ മേഖലാ കമാണ്ടറുടെ ഈ സന്ദേശം സിൽച്ചാറിലെ ഇന്ത്യൻ മേഖലാ കമാണ്ടർവഴി ആസ്സാം ഗവണ്മെണ്ടിനു് ഇന്നലെ കിട്ടി.

—

നന്ദ അതിർത്തി പ്രദേശങ്ങളിലേക്കു്

[പി ടി ഐ] കൽക്കത്ത, ഏ. 11

ആസ്സാമിന്റെയും പശ്ചിമ ബങ്കാളിന്റേയും അതിർത്തിപ്രദേശങ്ങളിൽ കേന്ദ്ര ആഭ്യന്തരമന്ത്രി നന്ദ ഒരു പര്യടനം നടത്തുന്നതാണു്.

ബന്ധപ്പെട്ട ഗവണ്മെണ്ടുകളുമായി ആലോചിച്ചതിനുശേഷം പാല്ലിമെണ്ടു് സമ്മേളനം കഴിഞ്ഞ ഉടനെ താൻ ഈ പര്യടനം നടത്തുമെന്നു് നന്ദ ഇവിടെ പത്രക്കാരോടു് പറഞ്ഞു.

.....

ഇടതന്മാരെ വിടില്ലെന്നു് നന്ദ

[പി ടി ഐ] കല്യാത്ത, ഏ. 11

കല്യാത്ത കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ വിജയിക്കുമായ ഇടതുപക്ഷ കമ്യൂണിസ്റ്റു് ഡെറിനുകളെ വിട്ടയക്കുകയില്ലെന്നു് കേന്ദ്ര ആഭ്യന്തരമന്ത്രി നന്ദ ഇവിടെ പ്രസ്താവിച്ചു.

കോൺസിലിന്റെ ആദ്യസമ്മേളനത്തിലെങ്കിലും പങ്കെടുക്കുവാനും, സത്യപ്രതിജ്ഞ ചെയ്യുവാനും അവരെ അനുവദിക്കണമെന്നു് ജ്യോതിബാസു നന്ദയെ കണ്ടു് നിവേദനം നടത്തുകയുണ്ടായി. പക്ഷേ അവരെ പരോളിൽപോലും വിട്ടയക്കുകയില്ലെന്നു് നന്ദ പറഞ്ഞു.

.....

ഉടനെ സിലോൺ വിടണം ചൈനീസ് എമ്പസിയിലെ രണ്ടു് പേരോടു് സിലോൺ ഗവണ്മെണ്ടു്

[പി ടി ഐ] കൊളമ്പോ, ഏ. 11

ഇവിടത്തെ ചൈനീസ് എമ്പസിയിലെ രണ്ടു് സ്റ്റാഫ് അംഗങ്ങൾ ഉടനടി സിലോൺ വിടണമെന്നു് ഗവണ്മെണ്ടു് ആവശ്യപ്പെട്ടിരിക്കുന്നു. അവരുടെ വിസകളുടെ കാലാവധി നീട്ടികൊടുക്കണമെന്നുള്ള എമ്പസിയുടെ അഭ്യർത്ഥനയെ സിലോൺ വിദേശകാര്യാലയം തള്ളിക്കളഞ്ഞു. സിലോൺ തോട്ടം തൊഴിലാളി യൂനിയൻ റാലിയിൽ സംബന്ധിക്കവാൻ രണ്ടു് ഇന്തോനേഷ്യൻ കമ്യൂണിസ്റ്റുകാർക്കു് ഗവണ്മെണ്ടു് വിസ നിഷേധിക്കുകയും ചെയ്തിട്ടുണ്ടു്. സിലോണിൽവന്ന കമ്യൂണിസ്റ്റുകാർ അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നു എന്നുള്ള ആരോപണത്തിന്റെ വെളിച്ചത്തിലാണു് ഗവണ്മെണ്ടു് ഈ നടപടിക്കും എടുത്തിട്ടുള്ളതു്.

....

കോൺഗ്രസ്സിനെ ശക്തിപ്പെടുത്താൻ പരിപാടി

[പി. ടി. ഐ] ആലപ്പുഴ ഏ. 11

കോൺഗ്രസ്സ് പാർട്ടിയുടെ പ്രചാരണം ശക്തിപ്പെടുത്തുന്നതിനും, ഒരു പാർട്ടിപത്രം ആരംഭിക്കുന്നതിനും ആവശ്യമായ പരിപാടികൾ രൂപീകരിക്കുന്നതിനു് കെ. കെ. വിശ്വനാഥൻ കൺവീനറായി ഒരു എട്ടംഗസബ് കമ്മറിയെ നിയമിക്കുവാൻ ഇവിടെ കൂടിയ കെ.. പി. സി. സി. യോഗം തീരുമാനിച്ചിരിക്കുന്നു.

അടുത്ത യോഗത്തിൽ സബ്ജക്ട് കമ്മറ്റിയോടു് റിപ്പോർട്ടു് സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ടു്.

ജനങ്ങൾക്കിടയിൽ പാർട്ടിയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കുന്നതിനു് സംസ്ഥാനവ്യാപകമായ തോതിൽ പാർട്ടി പ്രചരണം ശക്തിപ്പെടുത്തുവാനും തീരുമാനിച്ചു. ഇതിനുള്ള പ്രാരംഭനടപടിയെന്ന നിലയിൽ ഏപ്രിൽ 23,24 തിയതികളിൽ ആലുവായിൽ വെച്ചു് സംസ്ഥാനതലത്തിൽ ഒരു സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

അന്താരാഷ്ട്രീയനിയന്ത്രണത്തിൻ കീഴിൽ പൂർണ്ണമായ നിരായുധീകരണം വേണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

നന്ദ തിരിച്ചുവന്നു

[പി. ടി. ഐ] കൽക്കത്ത, ഏ. 11

ആസ്സാമിന്റെയും പശ്ചിമ ബങ്കാളിന്റേയും അതിർത്തിപ്രദേശങ്ങളിൽ കേന്ദ്ര ആഭ്യന്തരമന്ത്രി നന്ദ ഒരു പര്യടനം നടത്തിയതിനുശേഷം ഇന്നലെ ഡൽഹിക്കു് തിരിച്ചുവന്നു.

സോഷ്യലിസമെന്നുകേട്ടു് വിറളിയെടുക്കണ്ട

സഹകാര്യമേഖലക്കു് സുപ്രധാന സ്ഥാനമുണ്ടെന്നു് നന്ദ

(പി. ടി. ഐ.) കൽക്കത്ത ഏപ്രിൽ 11

രാഷ്ട്രത്തിന്റെ ജീവിതത്തിൽ വ്യക്തവും, സുപ്രധാനവുമായ ഒരു പങ്കു് സഹകാര്യ വ്യവസായത്തിനു് വഹിക്കുവാനുണ്ടെന്നു് കേന്ദ്ര ആഭ്യന്തരമന്ത്രി ഗുൽസാരിലാൽ നന്ദ ഇവിടെ പ്രസ്താവിച്ചു:

ഇന്ത്യൻ വാണിജ്യ മണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നലെ ഇവിടെകൂടിയ വ്യവസായികളുടെ ഒരു യോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു അദ്ദേഹം തുടർന്നു:

സോഷ്യലിസ്റ്റു് സാമൂഹ്യ വ്യവസ്ഥിതി കൈവരുത്തുകയെന്ന ലക്ഷ്യത്തെ സംബന്ധിച്ചേടത്തോളം തത്വപരമായ ഒരു സമീപനം ഉണ്ടാകുകയെന്ന പ്രശ്നമേ ഇല്ല. ഇതൊരു വർട്ടു് തത്വവാദമല്ല. സോഷ്യലിസ്റ്റു് വ്യവസ്ഥിതിയുടെ ആശയം ഭരണഘടനയുടെ മൌലീകപ്രമാണങ്ങളിൽനിന്നു് ഉയിരെടുക്കുന്നതാണു്. ഇന്ത്യൻ സോഷ്യലിസ്റ്റു് സാമൂഹ്യഘടനയിൽ സഹകാര്യമേഖലക്കു് ഒരു സ്ഥാനമുണ്ടാകും. സഹകരണ മേഖലക്കും അതുപോലെതന്നെ. ഒരു സങ്കലിത സാമ്പത്തിക വ്യവസ്ഥിതിയുടെ വിജയകരമായ പ്രവർത്തനത്തിനു് ഈ രണ്ടു് മേഖലകളും കൈകോർത്തുപോകണം.

സമീപനത്തിന്റെ കാര്യത്തിൽ ഗവണ്മെണ്ടും വ്യവസായികളും തമ്മിൽ വ്യത്യാസങ്ങളുണ്ടാകാം. പക്ഷെകാരോകാര്യത്തിലും കാറും കാണുന്നതിനുള്ള പ്രവണത ഒരു മെച്ചവും ആക്കം ചെയ്യുകയില്ല. മാത്രമല്ല നിരന്തരമായ ഒരു സംഘട്ടനാവസ്ഥിക്കും അതിന്റെ ഫലം. സമാധാനമെന്നു് പിന്നെകാണുകയില്ല. കവിഞ്ഞാൽ ഗവണ്മെണ്ടും, വ്യവസായികളും തമ്മിൽ ഒരു സായുധസന്ധി നിലവിൽ വന്നേക്കാമെന്നു് മാത്രം.

ഗവണ്മെണ്ടിനും, വ്യവസായികൾക്കും ഒരുപോലെ പരിഗണിക്കേണ്ടതായ ചില കാര്യങ്ങളുണ്ടു്. 1. ദേശീയ ഐക്യം 2. രാഷ്ട്രതിന്റെ പരമാധികാരം, 3. ജനാധിപത്യ ജീവിതരീതി, 4. ചേരിചേരാനയം, 5. ജനങ്ങളുടെ ക്ഷേമം, 6. രാഷ്ട്രീയ ഉറപ്പു്, സമാധാനപരമായ സ്ഥിതിയും ഗവണ്മെണ്ടും, സഹകാര്യമേഖലയും തമ്മിൽ പരമാവധി സഹകരണമുണ്ടാകണമെന്നതു് പരമപ്രധാനമായ ഒരു കാര്യമായിട്ടാണു് ഗവർമ്മേണ്ടു് പരിഗണിക്കുന്നതു്.

—

കോൺഗ്രസ്സ് മന്ത്രിസഭകളെ മറിച്ചിടുന്നതു് കോൺഗ്രസ്സുകാർതന്നെയാണു്

പ്രതിപക്ഷങ്ങളുടെ നേക്കു് തട്ടിക്കയറാം വേണ്ട— ഇന്ത്യയിലെ 14 ഭാഷകളും ഔദ്യോഗികഭാഷകളായിരിക്കണമെന്നു് അമ്പഴകൻ

മദ്രാസു് ഏ. 11

മദ്രാസിലെ ഹിന്ദിപ്രക്ഷോഭണം അക്രമത്തിന്റെ വഴിയിലേക്കു നീങ്ങിയതിന്റെ ഉത്തരവാദിത്വം ദ്രാവിഡമുന്നേറ്റകഴകത്തിനും മറ്റിടതുപക്ഷ പാർട്ടികൾക്കുമാണെന്നുള്ള മുഖ്യമന്ത്രി ഭക്തവത്സലത്തിന്റെ നിരന്തരമായ പ്രചരണങ്ങളും അസന്നിഗ്ദ്ധമായി തെളിയിക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യട്ടെയെന്നു് ഡി. എം. കെ. യുടെ ഒരു പ്രമുഖനേതാവും അസംബ്ളി മെമ്പറുമായ ശ്രീ കെ. അമ്പഴകൻ വെല്ലുവിളിച്ചിരിക്കുന്നു.

അസംബ്ളിയിൽ ഗണ്യമായ ന്യൂനപക്ഷമുള്ള കോൺഗ്രസിന്റെ ഭരണപക്ഷം പിടിച്ചടക്കാനുള്ള പ്രതിപക്ഷങ്ങളുടെ ശ്രമത്തിന്റെ ഒരു ഭാഗമായിരുന്ന ഹിന്ദിവിരുദ്ധ പ്രക്ഷോഭണങ്ങളെ അക്രമാസക്തമായ രീതിയിൽ നയിച്ചുതെന്നുള്ള വാദം എത്ര ബാലിശമാണെന്നുള്ളതിനു് ഡി. എം. കെ. പ്രതിനിധിയുമായുള്ള അഭിമുഖസംഭാഷണത്തിൽ മുണ്ടിക്കാട്ടി. കോൺഗ്രസ് ഭരണപക്ഷത്തെ മറിച്ചിടുമെങ്കിൽ അതു കോൺഗ്രസ്സുകാർതന്നെയായിരിക്കുമെന്നും ഇടതുപക്ഷങ്ങളായിരിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി. എം. കെ. യുടെ അത്ഭുതാവഹമായ മുന്നേറ്റത്തിനു കാരണം ശക്തിമത്തായ അതിന്റെ പ്രചരണപരിപാടിയാണെന്നും അക്രമത്തിന്റെ മാർഗ്ഗത്തിലേക്കു തിരിഞ്ഞ ഒരൊറ്റ സംഭവവും മുണ്ടിക്കാണിക്കാൻ അക്കം സാധ്യമല്ലെന്നും അദ്ദേഹം സമർത്ഥിച്ചു.

ഹിന്ദിക്കെതിരായ സമരത്തെക്കുറിച്ചുള്ളതാണു് ഇങ്ങനെ തുടർന്നു പറഞ്ഞു:

1965 ജനുവരി 26 മുതൽ ഹിന്ദി ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായിരിക്കും എന്നുള്ള കേന്ദ്രഗവണ്മെണ്ടിന്റെ പ്രഖ്യാപനത്തിന്റെ പിന്നിൽ പതിയിരിക്കുന്ന അപകടങ്ങളും മുണ്ടിക്കാണിക്കുക മാത്രമാണു് ഡി. എം. കെ. ചെയ്തതു്. ഈ അപകടം ബഹുജനങ്ങൾക്കും ശരിക്കും മനസ്സിലാക്കിയതിന്റെ ഫലമായിരുന്നു ഹിന്ദി പ്രക്ഷോഭണം. ഇതൊരു ബഹുജനപ്രക്ഷോഭണമായതിനാലാണു് കേന്ദ്രമന്ത്രിമാരായ സുബ്രമണ്യവും അളഗേശനും രാജിവച്ചതു്. ഭാഷകസമ്പ്രദായങ്ങളിലും സംസ്ഥാന നിയമസഭകളിലും കോൺഗ്രസ് അംഗങ്ങൾതന്നെ ഹിന്ദിക്കെതിരായി ശബ്ദമുയർത്തുകയും ചെയ്തിട്ടുണ്ടു്.

വസ്തുതകളും മറച്ചുവച്ചുകൊണ്ടാണു് ഇടതുപക്ഷ കക്ഷികളെ ബലിയാടുകളാക്കാനുള്ള ഗൂഢമായ ഒരു ശ്രമം ശ്രീ അമ്പഴകൻ ചൂണ്ടിക്കാണിച്ചു. ഗവണ്മെണ്ടു് ജനങ്ങളുടെ നേരെ അഴിച്ചുവിട്ടഭീകരമായ മർദ്ദനത്തിന്റെയും കൊലയുടേയും ഞെട്ടിപ്പിക്കുന്ന കഥകളും പൊതുജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാനുള്ള ഒരടവു മാത്രമാണിതെന്നും 1967-ലെ പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ ഒരു പാഠം പഠിപ്പിക്കാൻ ജനങ്ങൾ കാത്തിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു.

ഡി എം. കെ. യുടെ ഭാഷാനയത്തിലുള്ള അപാകതകളെക്കുറിച്ചു് ശ്രീ ഭക്തവത്സലം നടത്തിയ പ്രചരണങ്ങളെക്കുറിച്ചും ശ്രീ അമ്പഴകൻ യു. പി. എസ്സിനോടു് പ്രതിപാദിക്കുകയുണ്ടായി. പതിനാലു് ഭാഷകളും ഔദ്യോഗികഭാഷകളായിരിക്കണമെന്നും അനിശ്ചിതകാലത്തേക്കു് സംസ്ഥാനാന്തരീയ വിനിമയത്തിനു് ഇംഗ്ലീഷു് ഉപയോഗിക്കണമെന്നുമുള്ളതാണു് ഡി. എം. കെ. യുടെ ഉറച്ച നിലപാടെന്നദ്ദേഹം വ്യക്തമാക്കി. ഭൂരിപക്ഷമുണ്ടെന്നുവെച്ചു് ഒരു ഭാഷ ജനങ്ങളുടെ മേൽ കോടിക്കണക്കിനു രൂപാ ചെലവാക്കി അടിച്ചേൽപ്പിക്കുന്ന സമ്പ്രദായം നിതിക്കു നിരക്കാത്തതാണെന്നദ്ദേഹം ഉറപ്പിച്ചു് പറഞ്ഞു. (യു. പി. എസ്.)

.....

കരൺസിങ്ങ് ഗവണ്ണരായി സത്യപ്രതിജ്ഞചെയ്തു

(പി. ടി ഐ) ജമ്മു, ഏ. 11

ജമ്മു-കാഷ്മീരിന്റെ ഗവണ്ണരായി ഡോ: കരൺസിങ്ങ് ഇന്നലെ വൈകുന്നേരം സത്യപ്രതിജ്ഞചെയ്തു.

ഇന്ത്യയുമായുള്ള സംയോജനത്തെ കൂടുതൽ ഒട്ടുപ്പിക്കുന്ന മറെറാരു നടപടിയാണിതെന്നു് സത്യപ്രതിജ്ഞാചടങ്ങിനുശേഷം സംസ്ഥാനമുഖ്യമന്ത്രി സാദിക്കു് പത്രക്കാരോടു് പറഞ്ഞു.

....

മാലേത്തു് ഗോപിനാഥപിള്ളയുടെ തങ്കപ്പൻപിള്ളയുടെ ഭ്രഷ്ടു് കെ. പി. സി. സി. യുടെ തീരുമാനം

ആലപ്പുഴ, ഏ. 10

കോൺഗ്രസ്സിനെ കുറപ്പെടുത്തിക്കൊണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിച്ചതിനു് ശ്രീ മാലേത്തു ഗോപിനാഥപിള്ളയെ രണ്ടു കൊല്ലത്തേയ്ക്കു് സംഘടനയിൽനിന്നു സസ്പെൻഡുചെയ്യുന്നതിനും കോൺഗ്രസ് ഔദ്യോഗികസ്ഥാനാർത്ഥിക്കെതിരായി ചടയമംഗലം നിയോജകമണ്ഡലത്തിൽ മത്സരിച്ച കെ. പി. സി. സി. അംഗമായ ശ്രീ തങ്കപ്പൻപിള്ളയെ ആറുകൊല്ലത്തേക്കു് പാർട്ടിയിൽനിന്നു് പുറംതള്ളാനും ഇന്നു് ഇവിടെ ഡി. സി. സി. ആഫീസിൽകൂടിയ കെ. പി. സി. സി. എക്സിക്യൂട്ടീവുകമ്മറി തീരുമാനിച്ചിരിക്കുന്നു.

എൻ. സി. ചാക്കോ ബോധിപ്പിച്ച സമാധാനം തൃപ്തികരമാണെന്ന നിലക്കു മേൽനടപടി കൈക്കൊള്ളേണ്ടതില്ലെന്നു് യോഗം തീരുമാനിച്ചു.

യോഗത്തിൽ ആർ. ശങ്കർ, കെ. എ. മോഡേരമേനോൻ എന്നിവർ ഉൾപ്പെടെ 20 പേർ പങ്കുകൊണ്ടു. കെ. പി. സി. സി. പ്രസിഡണ്ടു് കെ. സി. എബ്രഹാം യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചു.

കേരളത്തിലെ തിരഞ്ഞെടുപ്പിനുശേഷം ഏതെങ്കിലുംകക്ഷിക്കു് ഒറ്റയ്ക്കോ കൂട്ടുചേർന്നോ ഒരു മന്ത്രിസഭ രൂപീകരിക്കാൻ കഴിയാതിരുന്ന പരിതസ്ഥിതിയിൽ പ്രസിഡണ്ടുഭരണം തുടർന്നതോടുകൂടി പ്രസ്തുത സാഹചര്യം മുഷണംചെയ്തു് കോൺഗ്രസ്സിതരകക്ഷികളുടെ പിൻബലത്തോടുകൂടിയും അഖിലേന്ത്യാ വ്യാപകമായ ഒരടിമറിയുടെ ഭാഗമായും ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാർ ആരംഭിച്ച പ്രക്ഷോഭണം ജനങ്ങൾ കോൺഗ്രസ്സിന്റെ മുന്നാറിയിപ്പിനെ മാനിച്ചുകൊണ്ടു് പരാജയപ്പെടുത്തിയതിൽ കോൺഗ്രസിനുള്ള സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയവും യോഗം പാസ്സാക്കുകയുണ്ടായി.

പ്രഭാകൻ ചൂണ്ടിക്കാണിച്ചു. ഗവണ്മെണ്ടു് ജനങ്ങളുടെ നേരെ അഴിച്ചുവിട്ടഭീകരമായ മർദ്ദനത്തിന്റെയും കൊലയുടേയും ഞെട്ടിപ്പിക്കുന്ന കഥകളും പൊതുജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാനുള്ള ഒരടവു മാത്രമാണിതെന്നും 1967-ലെ പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ ഒരു പാഠം പഠിപ്പിക്കാൻ ജനങ്ങൾ കാത്തിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു.

ഡി എം. കെ. യുടെ ഭാഷാനയത്തിലുള്ള അപാകതകളെക്കുറിച്ചു് ശ്രീ ഭക്തവത്സലം നടത്തിയ പ്രചരണങ്ങളെക്കുറിച്ചും ശ്രീ അമ്പഴകൻ യു. പി. എസ്സിനോടു് പ്രതിപാദിക്കുകയുണ്ടായി. പതിനാലു് ഭാഷകളും ഔദ്യോഗികഭാഷകളായിരിക്കണമെന്നും അനിശ്ചിതകാലത്തേക്കു് സംസ്ഥാനാന്തരീയ വിനിമയത്തിനു് ഇംഗ്ലീഷു് ഉപയോഗിക്കണമെന്നുമുള്ളതാണു് ഡി. എം. കെ. യുടെ ഉറച്ച നിലപാടെന്നദ്ദേഹം വ്യക്തമാക്കി. ഭൂരിപക്ഷമുണ്ടെന്നുവെച്ചു് ഒരു ഭാഷ ജനങ്ങളുടെ മേൽ കോടിക്കണക്കിനു രൂപാ ചെലവാക്കി അടിച്ചേൽപ്പിക്കുന്ന സമ്പ്രദായം നീതിക്കു നിരക്കാത്തതാണെന്നദ്ദേഹം ഉറപ്പിച്ചു് പറഞ്ഞു. (യു. പി. എസ്.)

.....

പുതിയസ്കൂളുകൾ അനുവദിക്കില്ല

ഉള്ളവതന്നെ അധികപ്പറ്റാണു്—നിലവിലുള്ള സ്കൂളുകളിൽ പഠനസൌകര്യം വർദ്ധിപ്പെടുത്താനാണു് തീരുമാനമെന്നു് ഗോവിന്ദനാരായൻ

[സ്വന്തം ലേഖകൻ] തിരുവനന്തപുരം, ഏ 10

കേരളത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണമെന്നുണ്ടെങ്കിൽ ഇനിയും കൂടുതൽ എയിഡഡ് സ്കൂളുകൾ അനുവദിക്കാതെ നിലവിലുള്ള സ്കൂളുകളിലെ പഠനസൌകര്യം വർദ്ധിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് അഡ്വൈസർ ശ്രീ ഗോവിന്ദനാരായൻ പ്രസ്താവിച്ചിരിക്കുന്നു.

ഇക്കാര്യത്തിൽ വേണ്ടതു് ഗവണ്മെണ്ടു് ചെയ്യുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ഗവണ്മെണ്ടു് ഉദ്യോഗസ്ഥന്മാരായി ചർച്ച നടത്തുന്നതിനു് ഇന്നിവിടെനിന്നും തിരിച്ചു മടങ്ങുമുമ്പാണു് അദ്ദേഹം വിമാനത്താവളത്തിൽവച്ചു് പത്രപ്രതിനിധികളുമായി സംസാരിക്കുകയായിരുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണു് അധികൃത്തിൽ കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടായിരിക്കുന്നതെന്നു് അഡൈവസർ ചൂണ്ടിക്കാട്ടി. ഇനിയും കൂടുതൽ എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നതു് ആശാസ്യമായിരിക്കുകയില്ല. ഇപ്പോഴുള്ള സ്കൂളുകളിൽ പലതിനും ആവശ്യത്തിനു് കെട്ടിടങ്ങളും പഠനസൌകര്യങ്ങളും കാണുകയില്ല. ചില സ്കൂളുകളിൽ യോഗ്യതയുള്ള അദ്ധ്യാപകർ ആവശ്യത്തിനില്ലെന്നു പരാതികളുണ്ടു്. ഈ കുറവുകൾ പരിഹരിച്ചു് നിലവിലുള്ള വിദ്യാലയങ്ങളിലെ പഠനസൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നു് ശ്രീ ഗോവിന്ദനാരായൻ പ്രസ്താവിച്ചു. പ്രൈമറി സ്കൂളുകളിലേയും സെക്കണ്ടറി സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കു് ശരിയായ വിദ്യാഭ്യാസം ഫലപ്രദമായി ലഭിക്കുന്നതിനു് സഹായകമായ വിധത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇനിയും കൂടുതൽ സ്കൂളുകൾ അനുവദിക്കുന്നില്ലെങ്കിൽ അടുത്ത വർഷം കുടിയായി ഉണ്ടാകാവുന്ന വിദ്യാർത്ഥികളുടെ പ്രവേശനക്കാര്യം എങ്ങനെ നേരിടുമെന്നു് ഒരു പത്രലേഖകൻ ചോദിച്ചു. ഗവണ്മെണ്ടിനിന്നുള്ള സാമ്പത്തിക സഹായം കൂടാതെ അംഗീകൃത സ്കൂളുകൾ തുടങ്ങുന്നതിനു അനുവാദം നൽകുമെന്നു് അഡൈവസർ മറുപടി നൽകി.

കോളേജ് പ്രവേശനത്തിനുള്ള തിരക്കു് കുറയ്ക്കുന്നതിനുവേണ്ടി സങ്കേതിക വിദ്യാലയങ്ങൾ കൂടുതൽ തുടങ്ങണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. 'അക്കാഡമിക്' വിദ്യാഭ്യാസത്തിനേക്കാൾസാങ്കേതികവിദ്യാഭ്യാസത്തിനായിരിക്കണം കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്

കൊച്ചി, എറണാകുളം, ആലുവാ നഗരങ്ങളും 56 പഞ്ചായത്ത് പ്രദേശങ്ങളും കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി

ഗവർമ്മെണ്ട് തത്വത്തിൽ അംഗീകരിച്ചുവെന്ന്

[സ്വ. ലേ] തിരുവനന്തപുരം, ഏപ്രിൽ 10

കൊച്ചി, എറണാകുളം, ആലുവാ ഭാഗത്തെ ആറ് നഗരസഭാ പ്രദേശങ്ങളും 56 പഞ്ചായത്തു് പ്രദേശങ്ങളും ഉൾപ്പെടെ 75 ചതുരശ്രമൈൽ സ്ഥലത്തെ പ്രാദേശിക വികസന പരിപാടികളുടെ നിയന്ത്രണവും മേൽനോട്ടവും നടത്തുന്നതിനു് "കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി" എന്ന പേരിൽ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനം രൂപീകരിക്കുന്നതിനു് ഗവണ്മെൻറ് തത്വത്തിൽ നിശ്ചയിച്ചിരിക്കുന്നു.

കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി പ്രദേശത്തെ ശുദ്ധജലവിതരണത്തിൻറേയും അഴുക്കുചാൽ പദ്ധതികളുടേയും മേൽനോട്ടത്തിനുവേണ്ടി ഒരു പ്രത്യേക വാട്ടർ സപ്ലൈ – സിവറേജ് ബോർഡ് രൂപീകരിക്കുന്നതിനും ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടു്.

ഈ പ്രദേശത്തെ വികസനത്തിനുള്ള ഇടക്കാല മാസ്റ്റർപ്ലാൻ തയ്യാറായിക്കഴിഞ്ഞ ഉടൻ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതു് സംബന്ധിച്ച നിയമനിർമ്മാണം ഗവണ്മെണ്ടു പരിഗണിക്കുന്നതായിരിക്കും.

ഇടക്കാല മാസ്റ്റർപ്ലാൻ ഈ ജൂലൈ മാസത്തിലോ ആഗസ്റ്റ് മാസത്തിലോ തയ്യാറാകുമെന്നാണു് പ്രതീക്ഷ. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയർമാനായി ഒരു അഡ്ഹോക് കമ്മിറ്റിയാണു് ഇതു് സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തിവരികയാണു്.

കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ലോകബാങ്ക്, ലോകാരോഗ്യസംഘടന, യുണിസെഫ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും, ഇന്ത്യാഗവണ്മെണ്ടിൽനിന്നു് പ്ലാൻ തുകകൾക്കു് പുറത്തായും സഹായം കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

കേന്ദ്ര ഡെപ്യൂട്ടി ഡയറക്ടർ ജനറൽ കാഫ് ഹെൽത്ത് സ്റ്റാഫ്സ്, ന്യൂ ഡെൽഹിയിലെ ടൌൺ ആൻറ് കൺട്രി പ്ലാനിംഗ് സംഘടനയുടെ ചെയർമൻ തുടങ്ങിയവരടങ്ങിയ ഒരു വിദഗ്ദ്ധസംഘം കൊച്ചി പ്രദേശങ്ങളും സന്ദർശിച്ചിട്ടുണ്ടു്.

എറണാകുളം, ആലുവാ, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, പെരുമ്പാവൂർ, പറവൂർ എന്നിവയാണു് കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ആറ് നഗരസഭാ പ്രദേശങ്ങളും. മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി, എറണാകുളം എന്നീ നഗരസഭകളും സംയോജിപ്പിച്ചും അഞ്ചു് പഞ്ചായത്തുകളുംകൂടി ഉൾക്കൊള്ളിച്ചും രൂപീകരിക്കുന്നതിനുദ്ദേശിക്കുന്ന കോർപ്പറേഷൻ സംബന്ധിച്ച നിയമനിർമ്മാണം ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ കാഫ്സറുടെ റിപ്പോർട്ടു് കിട്ടിയശേഷം പരിഗണിക്കുന്നതാണു്. കോർപ്പറേഷൻ അതിൻറെ അതിർത്തിക്കകത്തെ ജനങ്ങളുടെ നഗരജീവിതാവശ്യങ്ങളുടെ മേൽനോട്ടവും കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി കൈമാറുന്ന വിപുലമായ വികസന സംരംഭങ്ങളുടെ ചുമതലയുമാണു് നിർവ്വഹിക്കുക.

കൊച്ചി പ്രദേശത്തെ ഭൂമി വില നിയന്ത്രിക്കാനും ഭൂമിയെടുക്കൽ നടപടികളും നടത്താനും വികസനസ്കീമുകളുടെ മുൻഗണന നിശ്ചയിക്കുവാനുമാണു് അതിനു നിയമനിർമ്മാണം നടത്തുകയുണ്ടായി, വിവിധ ഇനങ്ങളിലായുള്ള സാമൂഹ്യവികസനപ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം 253064 രൂപാ കഴിഞ്ഞ വിനിയോഗിച്ചു. ഇതുകൂടാതെ പല വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ബേ്ളാക്ക് വഴിയായി 403300 രൂപാ ചിലവഴിക്കപ്പെട്ടു. കുറുമുള്ളൂരിൽനിന്നുള്ള വാഴ്സ ഇനത്തിൽ 56206 രൂപയും സഹകരണവകുപ്പിൽനിന്നു് 5946 രൂപാ ചിലവഴിക്കുകയുണ്ടായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻറെ നിർമ്മാണത്തിനു് 36339 രൂപയും ഒരു വർക്ഷാപ്പിനു 13094 രൂപയും ചിലവഴിച്ചു.

....

കേരളത്തിൽ 25000 വഞ്ചികൾ

എറണാകുളം, ഏ. 10

ഉപ്പുനാടൻ ജലഗതാഗതം മുഖ്യമായുള്ള ചരക്കുഗതാഗതത്തിനു് ഏതാണ്ടു് പകുതിയും നടക്കുന്നതു് കൊച്ചിയുപ്പെട്ട ഈ പ്രദേശത്താണെന്നു കാണുന്നു. എതാണ്ടു് 23 ലക്ഷം ടൺ ചരക്കു് ഒരു വർഷത്തിൽ കേരളത്തിൽ ഇപ്രകാരം കയറ്റിയിറക്കുന്നുണ്ടു്. ഇതിൽ 12 ലക്ഷം ടൺ കൈകാര്യം ചെയ്യുന്നതു്.ഈ പ്രദേശത്താണു് കേരളത്തിൽ രണ്ടു ലക്ഷം ടൺ ചരക്കു കയറ്റിറക്കുന്ന 25000 നാടൻ വഞ്ചികളുണ്ടു്. മോട്ടോർ ബോട്ടുകളുടെ എണ്ണം 500 വരും. 1300 മറ്റു ജലവാഹനങ്ങളുമുണ്ടു്.

—

തുപ്പുകാക്കം തോട്ടികഠക്കും വീട്ടകഠം

ന്യൂഡൽഹി ഏ. 10

ഡെൽഹി മുനിസിപ്പൽ കോർപ്പറേഷനിലെ തുപ്പുകാക്കം തോട്ടികഠക്കും വീട്ടകഠം നിർമ്മിച്ചുകൊടുക്കുന്നതിനു് കേന്ദ്ര മരാമത്തു–ഭവന നിർമ്മാണവകുപ്പു് 37 ഹെക്കർ ഭൂമിയും 8481200 രൂപയും അനുവദിച്ചിരിക്കുന്നു. രണ്ടു നിലയുള്ള 1488 എ നാലുനിലയുള്ള 884 എ കെട്ടിടങ്ങളാണു നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ പണിയാൻ പരിപാടി വിഭാവനം ചെയ്യുന്നു. അടുത്ത മാർച്ചു് അവസാനത്തോടെ പണി പൂർത്തിയാക്കാനാണു് ഉദ്ദേശ്യം.

—

നെടുങ്ങാണി–മീൻപാറ റോഡ്

മൂവാറ്റുപുഴ, ഏ 9

മൂവാറ്റുപുഴ ബ്ലോക്കിൽപ്പെട്ട നെടുങ്ങാണി മീൻപാറ റോഡ് നന്നാക്കുന്നതിനു് 24000 രൂപയുടെ ഒരു പദ്ധതിക്കു് ജില്ലാകളക്ടർ അനുമതി നൽകിയിരിക്കുന്നു. പ്രസ്തുത റോഡു് നന്നാക്കുന്നതിനുമൊത്തം വേണ്ടിവരുന്ന തുകയുടെ മുന്നിൽ ഒരുഭാഗം ബഹുജനങ്ങളും സംഭാവനയായി നൽകുന്നതും ബാക്കി ബ്ലോക്ക് ഫണ്ടിൽനിന്നു ചിലവിടുന്നതുമാണു്.

—

ഭവനനിർമ്മാണവായ്പ

ആലുവാ ഏ. 9

ഇന്ത്യൻ അലൂമിനിയം കമ്പനിയിലെ ഒരു ഉദ്യോഗസ്ഥനായ സി. കെ. ചാക്കോയ്ക്കു് ആലുവായിൽ ഒരു വീടുനിർമ്മിക്കുന്നതിനു് 16,000 രൂപ വായ്പ അനുവദിച്ചുകൊണ്ടു് ജില്ലാ കലക്ടർ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

....

സ്പോർട്സ് വികസനത്തിനു് ഉകകം അനുവദിക്കണമെന്നു്

ന്യൂഡൽഹി ഏ. 10

അഖിലേന്ത്യാ സ്പോർട്സ് കൗൺസിലിൻറെ ആഭിമുഖ്യത്തിൽ ഇവിടെ കൂടിയ യോഗത്തിൽ നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു് സ്പോർട്സ് വികസനത്തിനു് ആവശ്യമായ ഉകകം അനുവദിക്കണമെന്നും സ്റ്റേറകളിലെ സ്പോർട്സ് കൗൺസിലിനു് കേന്ദ്ര കൗൺസിൽ വലിയ തോതിൽ സഹായധനം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

സ്റ്റേറ് സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിലേയ്ക്കു് ഒരു ഭരണഘടനയുണ്ടാക്കണമെന്നും, അതിലേക്കു് ഒരു സബ്കമ്മറിയെ നിയമിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

കേരള പ്രസ്സു്

....

മുല്ലശ്ശേരി ബേ്ളാക്കിലെ വപ്രത്തന പുരോഗതി

മുല്ലശ്ശേരി, ഏ. 9

ഏപ്രിൽ ഒന്നാം തീയതി രണ്ടംഘട്ടത്തിലേക്കു പ്രവേശിച്ച മുല്ലശ്ശേരി വികസന ബേ്ളാക്കിൽ ഒന്നാംഘട്ടം അവസാനിക്കുന്ന കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും നടത്തുകയുണ്ടായി, വിവിധ ഇനങ്ങളിലായുള്ള സാമൂഹ്യവികസനപ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം 253064 രൂപാ കഴിഞ്ഞ വിനിയോഗിച്ചു. ഇതുകൂടാതെ പല വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ബേ്ളാക്ക് വഴിയായി 403300 രൂപാ ചിലവഴിക്കപ്പെട്ടു. കുറുമുള്ളൂരിൽനിന്നുള്ള വാഴ്സ ഇനത്തിൽ 56206 രൂപയും സഹകരണവകുപ്പിൽനിന്നു് 5946 രൂപാ ചിലവഴിക്കുകയുണ്ടായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻറെ നിർമ്മാണത്തിനു് 36339 രൂപയും ഒരു വർക്ഷാപ്പിനു 13094 രൂപയും ചിലവഴിച്ചു.

....

സുശീലാ ഗോപാലനെ തിരുവനന്തപുരത്തെയ്ക്കു് കൊണ്ടുപോയി

തൃശ്ശൂർ, ഏ. 10

രാജ്യരക്ഷാ ചട്ടമനുസരിച്ചു് അറസ്റ്റു് ചെയ്തു് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്ന സുശീലാ ഗോപാലനെ ഇന്നലെ ഇവിടെനിന്നും തിരു: മെഡിക്കൽ കോളേജ് ആസ്പത്രിയിലേയ്ക്കു് കൊണ്ടുപോയിരിക്കുന്നു.

തടവിലിരിക്കുമ്പോഴാണു് സുഖക്കേടുപിടിപെട്ടതിനെത്തുടർന്നു് ഇവിടത്തെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അവരെ കഴിഞ്ഞ വ്യാഴാഴ്ചയാണു് വീണ്ടും ജയിലിലേയ്ക്കു് മാറ്റിയതു്.

ഇവിടത്തെ ചികിത്സകൊണ്ടു് സുഖപ്പെത്തുകൊണ്ടാണത്രെ അവരെ തിരുവനന്തപുരത്തേക്കു് മാറ്റിയതു്.

—

ലോറി മറിഞ്ഞു് 9 പേർക്കു് പരുക്കു്

പനംകുട്ടി ഏപ്രിൽ 10

കല്ലാർട്ടിയിൽ നിന്നും മണലും കയറ്റി പനംകുട്ടിക്കുപോയ ഒരു ലോറി ഇലക്ട്രിസിറ്റിബോസ് വക ഒരു വണ്ടിക്ക സൈഡു കൊടുക്കുമ്പോൾ ഒരു കൊക്കയിലേക്കു് മറിഞ്ഞിരിക്കുന്നു. റോഡിൽ നിന്നും 2000 അടി താഴ്ചയുള്ള കൊക്കയിൽ ലോറി മറിഞ്ഞുകിടക്കുന്നു കാഴ്ച ആരേയും അമ്പരിപ്പിക്കുന്നതുതാണു്. മണൽ കയറ്റി ഇറക്കുന്നതിനു് ഏഴു ജോലിക്കാരും കല്ലാർകുട്ടിയിൽ നിന്നു റേഷൻ വാങ്ങിക്കുന്നതിനു പനംകുട്ടിക്ക പോന്ന രണ്ടു സ്ത്രീകളും ഉൾപ്പെടെ കമ്പനി ജോലിക്കാരും ഉൾപ്പെടെ ഗുരുതരമായ പരിക്കുകളും ഏറ്റിട്ടുണ്ടു്. വണ്ടിമറിഞ്ഞ മണലിൽ താണുപോയ രണ്ടുസ്ത്രീയെവരെ കണ്ടുപിടിച്ചുണ്ടു് പൊക്കിയെടുത്തതു്. ഡ്രൈവറടെ ഒരു കാൽ ടടിഞ്ഞിട്ടുണ്ടു്. പരിക്കേറ്റവരെ അടിമാലി കത്തിപ്പാറ മുതലായ ആശുപത്രികളിൻ പ്രവേശിപ്പിച്ചിട്ടുണ്ടു്. ഇവിടെ ക്യാമ്പുചെയ്യുന്ന ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാരും എം. എസ്. പി. കാരും പരിക്കേറ്റവരെ ആശുപത്രികളിൽ അയയ്ക്കുന്നതിനും ശ്രുശ്രൂഷിക്കുന്നതിനും വളരെയേറെ ബുദ്ധിമുട്ടുകഠം സഹിക്കുകയുണ്ടായി. ലോറി മറിയുന്നതുകണ്ടു് ബോർഡുവക ലോറി നിർത്താതെ വിട്ടുപോയതായി ജനങ്ങൾക്കു പരാതിയുണ്ടു്. ഇക്കഴിഞ്ഞതിടിവസം വേറെ ഒരു കാറും ബോർഡുവക വാനും തമ്മിൽ കൂട്ടിമുട്ടി കാർ നിശ്ശേഷം തകർന്നുപോയതും ഇത്തരുണത്തിൽ സ്മരണീയമാണു്.

....

പുരകത്തി

ആലത്തൂർ ഏ. 10

ഇവിടത്തെ ഒരു സാധുതൊഴിലാളിയായ തുരുത്തുരു് മനക്കൽ കരീപില ശങ്കരൻ (വയറോണി) എന്നാളുടെ പുര ഇന്നലെ വൈകുന്നേരം നിശ്ശേഷം കത്തിനശിച്ചിരിക്കുന്നു.

—

ശമ്പളക്കമ്മീഷൻ ഇടക്കാലറിപ്പോർട്ടു് ഏപ്രിലിൽ സമർപ്പിക്കും

കോഴിക്കോടു്, ഏ. 10

പേ കമ്മീഷൻ ഏപ്രിൽ അവസാനത്തോടുകൂടി ഗവണ്മെണ്ടിനു് ഒരു ഇടക്കാലറിപ്പോർട്ടു സമർപ്പിക്കുമെന്നു കമ്മീഷൻ ചെയർമാൻ ശ്രീ കെ. എം. ഉണ്ണിത്താൻ ഇവിടെ പ്രസ്താവിച്ചു. കോഴിക്കോടു്, പാലക്കാടു്, കണ്ണൂർ കളക്ടറന്മാരുമായി കമ്മീഷനംഗങ്ങൾ ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയാണു്.

പൂർണ്ണ റിപ്പോർട്ടു് ആഗസ്റ്റ്മാസത്തിൽ സമർപ്പിക്കപ്പെടും.

....

ഇരിങ്ങാലക്കുടയിലെ പ്രതിഷേധദിനം

ഇരിങ്ങാലക്കുട, ഏപ്രിൽ 10

കോൺഗ്രസ്സിതര പ്രതിപക്ഷകക്ഷികളുടെ സംയുക്താഭിമുഖ്യത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനത്തിൽ കെ. കെ. കോപ്പുകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം, പ്രസിഡണ്ടു് ഭരണത്തിൽ പ്രതിഷേധിച്ചുകൊണ്ടും രാജ്യരക്ഷാതടവുകാരെ വിചാരണ ചെയ്യാതെ ജയിലിൽ ഇട്ടതിലും പ്രതിഷേധിച്ചു. യോഗത്തിൽ മുൻ മന്ത്രി പി. കെ. ചാത്തൻമാസ്റ്റർ, പി. എൻ. പിഷാരടി തുടങ്ങിയവർ പ്രസംഗിച്ചു. പ്രസിഡണ്ടു ഭരണം ഏറ്റെടുത്തതിയതിൽ പ്രതിഷേധിച്ചു് ഒരു പ്രകടനവും നടത്തുകയുണ്ടായി.

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ ഏപ്രിൽ 6–ാംതം- കരിദിനം ആചരിക്കുകയുണ്ടായിട്ടുണ്ടു്.

വിയറ്റ്നാമിൽ കൂട്ടക്കൊല തുടരുന്നു

ഉത്തരവിയറ്റ്നാമിൻറെ മനോഭാവത്തിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ലെന്നു്

വാഷിംഗ്ടൺ, ഏ. 11

ദക്ഷിണ വിയറ്റ്നാമിലെ ആക്രമണത്തേയ്ക്കുള്ള ഹാനോയ് ഭരണകൂടത്തിൻറെ മനോഭാവത്തിനു് എന്തെങ്കിലും മാറ്റമുണ്ടാകാനുള്ള സാദ്ധ്യതയുണ്ടോ എന്നതിനെപ്പറ്റി മാധ്യമ വക്താക്കളുമായി അമേരിക്ക നിരന്തരം സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുകയാണു്. എങ്കിലും ഇതേവരെയായി മാറ്റത്തിൻറെ യാതൊരു ലക്ഷണവും കാണാനില്ല.

ദക്ഷിണ പൂർവ്വ ഏഷ്യയിലെ സംഘട്ടനങ്ങൾക്കു് മാന്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ അഭിലഷിക്കുന്ന രാഷ്ട്രങ്ങളുടെ മൂൻപന്തിയിലാണു് അമേരിക്കയെന്നു് മി. ബുണ്ടി ആവർത്തിച്ചുറപ്പിച്ചു പറഞ്ഞു.

'ലോകത്തിൻറെ ആ ഭാഗത്തുള്ള ആകുലതകൾക്കു് മാന്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ അഭിലഷിക്കുന്ന രാഷ്ട്രങ്ങളുടെ മൂൻപന്തിയിലാണു് അമേരിക്കയെന്നു് മി. ബുണ്ടി ആവർത്തിച്ചുറപ്പിച്ചു പറഞ്ഞു.

'ലോകത്തിൻറെ ആ ഭാഗത്തുള്ള ആകുലതകൾക്കു് മാന്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ അഭിലഷിക്കുന്ന രാഷ്ട്രങ്ങളുടെ മുൻപന്തിയിലാണു് അമേരിക്കയെന്നു് മി. ബുണ്ടി ആവർത്തിച്ചുറപ്പിച്ചു പറഞ്ഞു. റോഡിൽ നിന്നും 2000 അടി താഴ്ചയുള്ള കൊക്കയിൽ ലോറി മറിഞ്ഞുകിടക്കുന്ന കാഴ്ച ആരേയും അമ്പരിപ്പിക്കുന്നതാണു്. മണൽ കയറ്റി ഇറക്കുന്നതിനു് ഏഴു ജോലിക്കാരും കല്ലാർകുട്ടിയിൽ നിന്നു റേഷൻ വാങ്ങിക്കുന്നതിനു പനംകുട്ടിക്ക പോന്ന രണ്ടു സ്ത്രീകളും ഉൾപ്പെടെ കമ്പനി ജോലിക്കാരും ഉൾപ്പെടെ ഗുരുതരമായ പരിക്കുകളും ഏറ്റിട്ടുണ്ടു്. വണ്ടിമറിഞ്ഞ മണലിൽ താണുപോയ രണ്ടുസ്ത്രീയെവരെ കണ്ടുപിടിച്ചുണ്ടു് പൊക്കിയെടുത്തതു്. ഡ്രൈവറടെ ഒരു കാൽ ടടിഞ്ഞിട്ടുണ്ടു്. പരിക്കേറ്റവരെ അടിമാലി കത്തിപ്പാറ മുതലായ ആശുപത്രികളിൻ പ്രവേശിപ്പിച്ചിട്ടുണ്ടു്. ഇവിടെ ക്യാമ്പുചെയ്യുന്ന ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാരും എം. എസ്. പി. കാരും പരിക്കേറ്റവരെ ആശുപത്രികളിൽ അയയ്ക്കുന്നതിനും ശ്രുശ്രൂഷിക്കുന്നതിനും വളരെയേറെ ബുദ്ധിമുട്ടുകഠം സഹിക്കുകയുണ്ടായി. ലോറി മറിയുന്നതുകണ്ടു് ബോർഡുവക ലോറി നിർത്താതെ വിട്ടുപോയതായി ജനങ്ങൾക്കു പരാതിയുണ്ടു്. ഇക്കഴിഞ്ഞതിടിവസം വേറെ ഒരു കാറും ബോർഡുവക വാനും തമ്മിൽ കൂട്ടിമുട്ടി കാർ നിശ്ശേഷം തകർന്നുപോയതും ഇത്തരുണത്തിൽ സ്മരണീയമാണു്.

....

പുരകത്തി

ആലത്തൂർ ഏ. 10

ഇവിടത്തെ ഒരു സാധുതൊഴിലാളിയായ തുരുത്തുരു് മനക്കൽ കരീപില ശങ്കരൻ (വയറോണി) എന്നാളുടെ പുര ഇന്നലെ വൈകുന്നേരം നിശ്ശേഷം കത്തിനശിച്ചിരിക്കുന്നു.

—

ശമ്പളക്കമ്മീഷൻ ഇടക്കാലറിപ്പോർട്ടു് ഏപ്രിലിൽ സമർപ്പിക്കും

കോഴിക്കോടു്, ഏ. 10

പേ കമ്മീഷൻ ഏപ്രിൽ അവസാനത്തോടുകൂടി ഗവണ്മെണ്ടിനു് ഒരു ഇടക്കാലറിപ്പോർട്ടു സമർപ്പിക്കുമെന്നു കമ്മീഷൻ ചെയർമാൻ ശ്രീ കെ. എം. ഉണ്ണിത്താൻ ഇവിടെ പ്രസ്താവിച്ചു. കോഴിക്കോടു്, പാലക്കാടു്, കണ്ണൂർ കളക്ടറന്മാരുമായി കമ്മീഷനംഗങ്ങൾ ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയാണു്.

പൂർണ്ണ റിപ്പോർട്ടു് ആഗസ്റ്റ്മാസത്തിൽ സമർപ്പിക്കപ്പെടും.

....

ഇരിങ്ങാലക്കുടയിലെ പ്രതിഷേധദിനം

ഇരിങ്ങാലക്കുട, ഏപ്രിൽ 10

കോൺഗ്രസ്സിതര പ്രതിപക്ഷകക്ഷികളുടെ സംയുക്തവിഭാഗത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനത്തിൽ കെ. കെ. കോപ്പുകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം, പ്രസിഡണ്ടു് ഭരണത്തിൽ പ്രതിഷേധിച്ചുകൊണ്ടും രാജ്യരക്ഷാതടവുകാരെ വിചാരണ ചെയ്യാതെ ജയിലിൽ ഇട്ടതിലും പ്രതിഷേധിച്ചു. യോഗത്തിൽ മുൻ മന്ത്രി പി. കെ. ചാത്തൻമാസ്റ്റർ, പി. എൻ. പിഷാരടി തുടങ്ങിയവർ പ്രസംഗിച്ചു. പ്രസിഡണ്ടു ഭരണം ഏറ്റെടുത്തതിയതിൽ പ്രതിഷേധിച്ചു് ഒരു പ്രകടനവും നടത്തുകയുണ്ടായി.

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ ഏപ്രിൽ 6–ാംതം- കരിദിനം ആചരിക്കുകയുണ്ടായിട്ടുണ്ടു്.

സ്വീയ്ലൻസ് സമരം പിൻവലിച്ചു

തിരു. ഏപ്രിൽ 10

കഴിഞ്ഞ എട്ടുദിവസമായിമലേറിയാ സർവൈലൻസ് ജീവനക്കാർ സെക്രട്ടറിയേറ്റ് പടിക്കൽ നടത്തിവരികയായിരുന്ന കൂട്ടസത്യഗ്രഹം അവസാനിപ്പിച്ചിരിക്കുന്നു. ഇന്നു സത്യഗ്രഹം നടക്കുകയുണ്ടായില്ല.

മലേറിയാ സർവൈലൻസ് വർക്കേഴ്സ് യൂണിയൻ പ്രതിനിധികം ഹെൽത്തു് ആൻറ് ലേബർ സെക്രട്ടറിയെ സന്ദർശിച്ചു് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സത്യഗ്രഹപരിപാടി നിർത്തിവെക്കാൻ ഇന്നലെ കൂടിയ യൂണിയൻ ജനറൽ ബോഡി തീരുമാനിച്ചതായി ഇതു സംബന്ധിച്ചു് യൂണിയൻറെ ഒരു പ്രസ്താവനയിൽ പറയുന്നു. പിരിച്ചുവിട്ട ജീവനക്കാരെ പകരം ജോലി നൽകി തിരികെ നിയമിക്കാൻ നടപടിയാകാം ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടെന്നും യൂണിയൻ ഉന്നയിച്ച ആവശ്യങ്ങളും പരിഗണിച്ച വരികയാണെന്നും അതിൽ തുടർന്നു പ്രസ്താവിക്കുന്നുണ്ടു്. യൂണിയൻറെ ആക്ഷൻ കൗൺസിൽ തീരുമാനിക്കുന്നതാണു്.

സ്വ. ലേ.

കേരളാ കോൺ: സംസ്ഥാനസമ്മേളനം

(സ്വ. ലേ.)തൃശ്ശൂർ, ഏ. 11

കേരളാകോൺഗ്രസ്സിൻറെ ഒന്നാം സംസ്ഥാനസമ്മേളനം മേയ് അവസാനവാരത്തിൽ തൃശ്ശൂരിൽ വച്ചു് ആഭ്യന്തരമായിനടത്തുന്നതിനു് തീരുമാനിച്ചിരിക്കുന്നു.

ശ്രീ ബി. സി. വർഗ്ഗീസിൻറെ അദ്ധ്യക്ഷതയിൽ ഇന്നു് കമ്പയിൻഡ് സ്റ്റഡീരിയലിൽവച്ചു് കൂടിയ പ്രതിനിധിസമ്മേളനമാണു് ഈ തീരുമാനമെടുത്തതു്. സമ്മേളനത്തിൽ നൂറോളംതോളം പ്രതിനിധികം സംബന്ധിച്ചിരുന്നു. ജില്ലാസിക്രട്ടറി സി. എൽ. സെബാസ്റ്റ്യൻ സ്വാഗതംപറഞ്ഞു. കേന്ദ്രകമ്മറ്റി പ്രതിനിധി മലയിൽ ജോൺ സംസ്ഥാന സമ്മേളനത്തിൻറെ പരിപാടികം വിശദീകരിച്ചു.

ശ്രീ ബി. സി. വർഗ്ഗീസു് ചെയർമാനും, എം. വി. ഗണേശൻ എം. എ. ബി. എൽ., ബി. വി. ഷംസുദ്ദീൻ സാഹിബു്, ടി. പത്മനാഭമേനോൻ ഒഡക്കേറേറ് വൈസ്ചെയർമാൻമാരും, കെ. പി. പോളി ജനറൽസിക്രട്ടറിയും, ആൻറണി ചാഴൂർ ഖജാൻജിയും ആയി 101 അംഗങ്ങടം അടങ്ങുന്ന ഒരു സ്വാഗതസംഘം രൂപീകരിച്ചു. 1001 അംഗങ്ങടം അടങ്ങുന്ന ഒരു കമ്മറ്റിയായി അതിനെ വിപുലീകരിക്കുവാനും തീരുമാനിച്ചു.

സമ്മേളനത്തിനു് 25,000 രൂ. യുടെ ഒരു ബഡ്ജറ്റു് അംഗീകരിച്ചു. സമ്മേളനത്തിനുള്ള പതാക തിരുവനന്തപുരത്തുനിന്നും, ദീപശിഖ ചാമൻപച്ചാലിൽനിന്നും, പി. ടി. ചാക്കോയുടെ പുണ്ണ്യകായചിതാം കണ്ണൂരിൽനിന്നും എത്തുന്നതാണു്. സമ്മേളനസ്ഥലത്തിനു് 'പി. ടി. ചാക്കോ നഗർ' എന്നായിരിക്കും പേരു്.

സമ്മേളനത്തോടനുബന്ധിച്ചു് ഫൈസ്റ്റുകം, കോളേജ്വിദ്യാർത്ഥികൾക്കു് വേർതിരിച്ചുള്ള ഉപന്യാസ, ചെറുകഥ, പ്രസംഗമത്സരങ്ങടം ഉണ്ടായിരിക്കും. ദിദിനസമ്മേളനത്തിൽ സാംസ്കാരികവനിതാസമ്മേളനങ്ങടംകൂടി ഉൾപ്പെട്ടത്തിയിട്ടുണ്ടു്. വന്നിച്ച പ്രകടനവും കലാപരിപാടികളും ഉണ്ടായിരിക്കും. സമ്മേളനത്തിൽ അഖിലേന്ത്യാനേതാക്കടം സംബന്ധിക്കുന്നതാണെന്നു് കേരളാകോൺഗ്രസ്സിൻറെ ഒരു വക്താവു് പറഞ്ഞു.

....

ദേശ്മുഖിൻറെ മൃതദേഹം സംസ്കരിച്ചു

(പി. ടി. ഐ) ന്യൂഡൽഹി ഏ. 11

ഇന്നലെ രാത്രി ഹൃയസ്തംഭനം മൂലം നിര്യാതനായ ഭാരത് കൃഷി സമാജപ്രസിഡണ്ടു് പഞ്ചാബ് റാവു ദേശ്മുഖിൻറെ മൃതദേഹം ഇന്നു് നിഗംബോധ്ഗട്ടിൽ സംസ്കരിച്ചു.

1951 മുതൽ 1962 വരെ ദേശമുഖ് ഒരു കേന്ദ്രമന്ത്രിയായിരുന്നു. പ്രസിഡണ്ടിനുവേണ്ടി അദ്ദേഹത്തിൻറെ മിലിട്ടറി സിക്രട്ടറി മൃതദേഹത്തിന്മേൽ ഒരു റീത്തു് സമർപ്പിച്ചു.

—

Printed and Published by Pau Palappila for the A. C. P. Institute at the Thozhilali Press Trichur

ചാക്കോളാ ടോഫി

ജലന്തർ മറുപടിയില്ലാത്ത 3 ഗോളുകഠം നേടി ബാങ്കളൂരിനെ പൊട്ടിച്ചു

തൃശ്ശൂർ ഏ. 11

തൃശ്ശൂർ പാലസ് ഗ്രൗണ്ടിൽ ഇന്നു് നടന്ന വാശിയേറിയ എക്സിബിഷൻ ഫുട്ബോൾമത്സരത്തിൽ മറുപടിയില്ലാത്ത ഗോളുകഠം നേടി ലീഡേഴ്സ് ക്ലബ്ബ് ജലന്തർ സി. ഐ എൽ. ബാങ്കളൂരിനെ പരാജയപ്പെടുത്തിയിരിക്കുന്നു.

ഇന്നു് ഇരു ടീമുകളും തമ്മിൽ വാശിയേറിയ മത്സരമാണു് നടന്നതു്. ഇരു ടീമുകളും നല്ല നിലവാരത്തിൽതന്നെ പൊരുതുകയുമുണ്ടായി.

ജലന്തർടീമിൻറെ ക്യാപ്റ്റനായ ഇന്ദ്രസിങ്ങ് ബാങ്കളൂരിനു് ആദ്യത്തെ ഗോഠം നൽകിയപ്പോഠം രംഗം തീപ്പിടിക്കുകയായിരുന്നു. പിന്നീടു് ഇരു ടീമുകളും ഒന്നുകൂടി കളിക്കുന്നാരംഭിച്ചു. ഇലക്ട്രോണിക്സിൻറെ ഫോർവേഡ് നിരജലന്തറിൻറെ നേക്കു തുടർച്ചയായി നടത്തിയ ആക്രമണങ്ങടം ഭയനീയമായി പരാജയപ്പെട്ടു.

തുടർന്നു ജലന്തറിൻറെ മഞ്ചിത് സിങ്ങു് രണ്ടുഗോളുകഠംകൂടി നേടിയപ്പോഠം